17/01/22

DESPATCHED
On.... 02/03/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2467(2)/2019**/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ **18793**/എസ്.ഐ.സി-ജി 6/2019)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. പത്മജ പ്രദീപ്,
നാരങ്ങളിൽ ഹൗസ്,
ഇരവിമംഗലം(പി.ഒ),
തൃശ്ശൂർ - 680 751.
} അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
മ്യൂസിയം (പി.ഒ), പബ്ലിക് ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയർ(അഡ്മിനിസ്ട്രേഷൻ),
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
മ്യൂസിയം (പി.ഒ), പബ്ലിക് ഓഫീസ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09/08/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23/08/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30/09/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10/11/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20/11/2019 |
| ഹിയറിംഗ് നടന്ന തീയതി | 12.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. പത്മജ പ്രദീപ്, 10/11/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 20/11/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2467(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ഉന്നയിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 06.07.2019 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് സിവിൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവരുടെ താഴെപറയുന്ന വിവരങ്ങളാണ്:

1. ടി ഓഫീസ് പരിധിയിൽ 2010 സ്പെഷ്യൽ റൂൾപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഡിഗ്രി ക്വാട്ടയിലും ഡിപ്ലോമ ക്വാട്ടയിലും സിവിൽ വിഭാഗത്തിൽ നാളിതുവരെ എത്ര ഒഴിവുകൾ ഉണ്ടെന്നും ഒഴിവുകളുടെ എണ്ണം തരം തിരിച്ച് ലഭ്യ മാക്കണമെന്നും
2. ഡിപ്ലോമ ക്വാട്ട പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് ജലസേചന വകുപ്പിൽ നിലവിൽ ജോലി ചെയ്തു വരുന്ന എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ)മാരുടെയും, അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) മാരുടെയും പേരും ജനനതീയ്യതിയും ലഭ്യമാക്കുകയെന്നും
3. ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 നിയമനങ്ങൾക്കും സ്ഥാനക്കയറ്റ ത്തിനും സേവന വേതന വ്യവസ്ഥകൾക്കും ബാധകമായിട്ടുള്ള എല്ലാ നിയമങ്ങളുടെയും ഉത്തരവുകളുടെയും നമ്പറും തീയതിയും മറ്റുമായി 11 ഇനങ്ങൾ ലഭ്യമാക്കണമെന്നതാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 09/08/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. 23/08/2019 തീയതിയിൽ ഹർജിക്കാരിയുടെ അപ്പീലിന്മേൽ 30/09/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 04/01/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ജലസേചനവകുപ്പിലെ ഒന്നാംഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെ തസ്തികകളുമായി ബന്ധപ്പെട്ട നിയമനം, സ്ഥാനക്കയറ്റം, ഒഴിവുകൾ എന്നിവ സംബന്ധിച്ച് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ കാര്യലയത്തിലെ എസ്.പി.ഐ.ഒ-യ്ക്ക് 06/07/2019 തീയതിയിൽ ഒരു വിവരാവകാശ അപേക്ഷ സമർപ്പിച്ചെന്നും 10/07/2019-ൽ ലഭിച്ച പ്രസ്തുത അപേക്ഷയ്ക്ക് 09/08/2019 തീയതിയിലെ കത്ത് പ്രകാരം എസ്.പി.ഐ.ഒ നിർദ്ദിഷ്ട സമയ പരിധിക്കുളളിൽ മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിൽ അപേക്ഷയിലെ ചോദ്യം നമ്പർ 1, 4, 5, 7, 8 ചോദ്യങ്ങൾക്കുള്ള മറുപടി തൃപ്തികരമല്ല എന്ന കാരണം ചൂണ്ടിക്കാട്ടി 23/08/2019 തീയതിയിൽ അപേക്ഷക ഒന്നാം അപ്പീൽ സമർപ്പിച്ചെന്നും അപ്പീൽ അധികാരി 30/09/2019-ൽ ഇപ്രകാരം ആണ് തീർപ്പാക്കിയത്. ക്രമ നമ്പർ ഒന്നിന് നൽകിയ മറുപടിയിലെ പിഴവു തിരുത്തി 29/08/2019-ലെ കത്തു പ്രകാരം അപേക്ഷകയെ അറിയിച്ചിരുന്നുവെന്നും അതനുസരിച്ച് ഡിപ്ലോമ ക്വാട്ടയിൽ 40 ഒഴിവുകൾ ഉണ്ടെന്നും, വിവരാവകാശ അപേക്ഷക ആവശ്യപ്പെട്ടിട്ടുളള ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ പ്രസക്തമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും, സർക്കാർ ജീവനക്കാർക്ക് ബാധകമായ നിലവിലുളള എല്ലാ ചട്ടങ്ങളും ജലസേചന വകുപ്പിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർക്കും ബാധകമാണെന്നും കൂടാതെ ടി വിഭാഗത്തിന്റെ നിയമനം, സ്ഥാനക്കയറ്റം എന്നിവ സംബന്ധിച്ച GO(MS)/1390 dated 20/11/1958, GO(P) No. 41/94/PW &T dated TVPM 3rd June 1994, GO(P) No. 64/2010/WRD dated 25/09/2010 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമുളള സ്പെഷ്യൽ റൂളും നിലവിൽ ബാധകമാണെന്നും ചോദ്യം (4)-ൽ പരാമർശിക്കുന്നുവെന്നും, ചോദ്യം 5-ൽ ആവശ്യപ്പെട്ട വിവരം കേരളത്തിലെ വിവിധ കാര്യാലയങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ജീവനക്കാരുടെ സേവന പുസ്തകത്തിൽ നിന്നും മാത്രമേ ലഭ്യമാകുകയുളളൂവെന്നും എന്നതിനാൽ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്ന് പ്രത്യേകം പ്രത്യേകം അപേക്ഷ നൽകി ലഭ്യമാക്കാവുന്നതാണെന്നും ചോദ്യം 7-ൽ പരാമർശിച്ച GO(P) No. 64/2010/WRD dated 25/09/2010 എന്ന സ്പെഷ്യൽ റൂളിന്റെ പകർപ്പ് അടക്കം ചെയ്തിട്ടുണ്ടെന്നും വിവരാവകാശ നിയമത്തിലെ 2(j) വകുപ്പനുസരിച്ച് നിർവചിക്കപ്പെട്ടിട്ടുളള 'വിവരാവകാശം' പൊതു അധികാരിയിൽ നിന്നും ഏതെങ്കിലും വിധത്തിലുളള വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ എന്നിവ ആവശ്യപ്പെടാൻ വിനിയോഗിക്കാനാവില്ലെന്നും അപേക്ഷയിലെ ചോദ്യം 8-ന് മറുപടിയായി അപേക്ഷക ആവശ്യപ്പെട്ടിട്ടുളളത് പൊതു അധികാരിയുടെ അഭിപ്രായമാണെന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് അപേക്ഷകയ്ക്ക് നൽകിയിട്ടുണ്ടെന്നും ഹർജിക്കാരിക്ക് എസ്.പി.ഐ.ഒ

നൽകിയ മറുപടി തൃപ്തികരമാണെന്ന് അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നും ലഭ്യമാക്കിയ മറുപടികളെ സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമുണ്ടെങ്കിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഏതെങ്കിലും ഒരു ദിവസം അപ്പീൽവാദിക്ക് നേരിട്ടെത്തി ലഭ്യമായ രേഖകൾ വിവരാവകാശ നിയമപ്രകാരം പരിശോധിക്കാനും അപ്പീൽ അധികാരിയെ കണ്ട് സംശയം നിവർത്തിക്കാനും സൗകര്യമുള്ളതായിരിക്കുമെന്നും ഉത്തരവിൽ അപ്പീൽ അധികാരി വ്യക്തമാക്കിയിരുന്നുവെന്നും എന്നാൽ അപേക്ഷക ആ അവസരം വിനിയോഗിക്കുകയുണ്ടായില്ലെന്നും വിവരാവകാശ നിയമം വകുപ്പ് 2(f) പ്രകാരം കൈവശമുള്ള രേഖ/വിവരം നൽകാനേ വ്യവസ്ഥ ചെയ്തിട്ടുള്ളുവെന്നും ടിയാളുടെ പല ചോദ്യങ്ങളിലും സർക്കാർ ഉത്തരവ്,സർക്കാർ ചട്ടങ്ങൾ എന്നിവ വ്യാഖ്യാനിച്ചു നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും (ഉദാ: ചോദ്യം 7,8) എന്നിരുന്നിട്ടും വിവരാവകാശ നിയമത്തിന്റെ സത്ത ഉൾക്കൊണ്ട് അപേക്ഷക ആവശ്യപ്പെട്ട വിവരങ്ങൾ പരമാവധി പൂർണ്ണതയോടെ നൽകാൻ എസ്.പി.ഐ.ഒ-യും അപ്പീൽ അധികാരിയും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തമവിശ്വാസത്തോടെ എസ്.പി.ഐ.ഒ വിവരാവകാശ നിയമം നിഷ്കർഷിക്കുന്ന സമയപരിധി പാലിച്ച് അതിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവരങ്ങൾ നൽകുകയും ഒന്നാം അപ്പീൽ അധികാരി നിയമാനുസൃതം അപ്പീൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 04/01/2022-ലെ റിപ്പോർട്ടും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ അംഗീകരിക്കുന്നു ആകയാൽ ടി റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിയ്ക്ക് അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 17-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV